# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-നഗരകാര്യം-കൊച്ചി നഗരസഭയിലെ അനധികൃത മൊബൈൽ ടവർ നിർമ്മാണം-കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറിയായിരുന്ന ശ്രീമതി അനുജക്കെതിരായ അച്ചടക്ക നടപടി - എൻക്വയറി ഓഫീസറെ സഹായിക്കുന്നതിനായി പ്രസന്റിംഗ് ഓഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ (സാധാ) നം.133/2019/തസ്വഭവ　　　　　　　　　　തിരുവനന്തപുരം,തീയതി, 23/01/2019

==============================================================================

പരാമർശം:- സ.ഉ(സാധാ) നം. 2279/2018/തസ്വഭവ, 18.08.2018.

<u>ഉത്തരവ്</u>

കൊച്ചി നഗരസഭയിൽ ചീഫ് ടൗൺപ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനയിൽ, നഗരസഭാപരിധിയിൽ റസിഡൻഷ്യൽ സോണിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലെ നിബന്ധനകൾക്ക് വിരുദ്ധമായി മൊബൈൽ ടവർ പണിയുന്നതിന് ബിൽഡിംഗ് പെർമിറ്റ് നൽകി എന്ന റിപ്പോർട്ടിന്മേൽ, ടിയാൾക്കെതിരെ ഫോർമൽ എൻക്വയറി നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ശ്രീമതി മിനിമോൾ എബ്രഹാമിനെ ചുമതലപ്പെടുത്തി പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

അന്വേഷണത്തിന്റെ ഭാഗമായി അരോപണ വിധേയയായ ഉദ്യോഗസ്ഥയിൽ നിന്നും ബന്ധപ്പെട്ട രേഖകൾ /ഫയൽ എന്നിവ ലഭ്യമാക്കുന്നതിലേയ്ക്കായി എൻക്വയറി ഓഫീസറെ അന്വേഷണത്തിൽ സഹായിക്കുന്നതിനായി ഒരു പ്രസന്റിംഗ് ഓഫീസറെ നിയമിക്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൻക്വയറി ഓഫീസർ ശ്രീമതി മിനിമോൾ എബ്രഹാമിനെ മേൽ അന്വേഷണത്തിൽ സഹായിക്കുന്നതിനായി തസ്വഭ(ഇയു)വകുപ്പിന്റെ അണ്ടർ സെക്രട്ടറി ശ്രീ വി.എസ് സന്തോഷിനെ പ്രസന്റിംഗ് ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ് മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

ശ്രീമതി മിനിമോൾ എബ്രഹാം, അഡീഷണൽ സെക്രട്ടറി &
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
ശ്രീ വി.എസ് സന്തോഷ്, അണ്ടർ സെക്രട്ടറി, തസ്വഭ(ഇയു) വകുപ്പ്
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്)

ശ്രീമതി അനുജ, സെക്രട്ടറി കൊച്ചി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**